(എ) മിച്ചഭൂമിക്ക് അർഹരായി തിരഞ്ഞെടുത്ത് പണം അടച്ചതിനു ശേഷവും ഭൂമി നൽകാത്ത ഏതെങ്കിലും കേസ് സുകം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അർഹരായവർക്ക് ഭൂമി ലഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയന്റെ നിവേദനം

*330. [347] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി:
ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ ഗവൺമെൻറിലേക്ക് വല്ല നിവേദനവും നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്;

(സി) നിവേദനത്തിലെ ആവശ്യങ്ങൾ അംഗീകരിച്ച് നടപ്പാക്കുമോ;

(ഡി) സഹകരണ ജീവനക്കാർ മാർച്ച് 8 മുതൽ പണി മുടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടോ;

(ഇ) ഈ പണിമുടക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) ഉണ്ട്.

(ബി) ശമ്പള പരിഷ്കാരം ഉൾപ്പെടെയുള്ള വേതന പരിഷ്കാരം ആവശ്യപ്പെട്ടുകൊണ്ടും സഹകരണ നിയമത്തിലെ 80-ാം വകുപ്പിന്റെ കീഴിലുള്ള ചട്ടങ്ങൾക്ക് ഭേദഗതി നിർദ്ദേശിച്ചു കൊണ്ടും ഉള്ളതാണ് നിവേദനം.

(സി) നിവേദനത്തിലെ എല്ലാ ആവശ്യങ്ങളും അംഗീകരിച്ച് നടപ്പാക്കാവുന്നവയല്ല. നടപ്പാക്കാവുന്നവ പരിശോധിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നതാണ്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സേവന വേതന വ്യവസ്ഥകളും പരിശോധിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് യുക്തമായ നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിന് സഹകരണ രജിസ്ട്രാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്, ആവശ്യങ്ങളിൻമേൽ താമസിയാതെ തന്നെ ഗവൺമെൻറ് നടപടി കൈക്കൊള്ളാൻ സാധിക്കുന്നതാണ്. കൂടാതെ സഹകരണസംഘം ജീവനക്കാരുടെ ക്ഷാമബത്ത സംബന്ധിച്ച് ഗവൺമെൻറ് തീരുമാനം എടുത്തിട്ടുണ്ട്. തൻമൂലം ബഹുഭൂരിപക്ഷം ജീവനക്കാർക്കും കാര്യമായ വരുമാനവർദ്ധനവുണ്ടാകുന്നതാണ്. ആയതിനാൽ ജീവനക്കാർ സമരം ഒഴിവാക്കണമെന്നാണ് ഗവൺമെൻറ് പ്രതീക്ഷിക്കുന്നത്.

പി. എച്ച്. ഡി. കോഴ്സിനു പോകുന്നതിനു അവധി ലഭിച്ച അദ്ധ്യാപകർ

*331. [348] ഡോ. ജോർജ് മാത്യു:

ശ്രീ. വി. ജെ. ജോസഫ്:

ശ്രീ. തോമസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ജി. സി. യുടെ ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് സ്കീം അനുസരിച്ച് എത്ര കോളേജ് അദ്ധ്യാപകർക്ക് പി. എച്ച്. ഡി. യ്ക്കു പോകുന്നതിലേക്കായി അവധി നൽകിയിട്ടുണ്ട്;

(ബി) യു.ജി.സി. യിൽനിന്നും കിട്ടുമായിരുന്ന പണം അനവധാനത മൂലം നഷ്ടപ്പെടുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) അവധി അനുവദിച്ചിട്ടില്ല. എന്നാൽ 24 കോളേജ് അദ്ധ്യാപകർക്ക് ഡപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

വാർദ്ധക്യ കാല പെൻഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

*332. [349] ശ്രീ. പി. ബാലൻ:

ശ്രീ. വക്കം പുരുഷോത്തമൻ:

ശ്രീ. വി. ഈച്ചരൻ:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർദ്ധക്യ കാല പെൻഷൻ നാലും അഞ്ചും മാസങ്ങൾ വൈകിയാണ് ലഭിക്കുന്നതെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly